# എരണ്ടകെട്ട്

*രവിവർമ്മ*

മനുഷ്യനുണ്ടാകുന്ന മലബന്ധം എന്ന അസുഖംപോലെയാണ് ആനകൾക്ക് എരണ്ടകെട്ട്. എരണ്ടകെട്ട് ആനയുടെ ജീവനുതന്നെ അപായമാണ്, നിരവധി ആനകൾ എരണ്ടകെട്ടുമൂലം ചെരിഞ്ഞിട്ടുണ്ട്. ഉത്സവകാലങ്ങളിലാണ് എരണ്ടകെട്ട് കൂടുതൽ കാണപ്പെടുന്നത്. വെയിലത്ത് ഒരുപാട് നടന്നുവന്നിട്ട് ഉടനെ തന്നെ ധാരാളം വെള്ളവും തീറ്റയും കൊടുക്കുക, അല്ലെങ്കിൽ പുഴയിൽ കിടത്തി കുളിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ആനയുടെ ശരീരത്തിലെ ഊഷ്മാവിൽ പെട്ടെന്നു മാറ്റങ്ങൾ വരുത്തുന്നു. ഇതു എരണ്ടകെട്ടിനു കാരണമാകുന്നു. എഴുന്നള്ളിപ്പിനു തൊട്ടു മുൻപ് പുഴയിൽ കുളിപ്പിക്കുക മുതലായ കാര്യങ്ങൾ ഒഴിവാക്കണം.

എരണ്ടകെട്ട് ചില ആനകളിൽ ഇടയ്ക്കിടക്ക് കാണപ്പെടാറുണ്ട്. ഇത്തരം ആനകളെ പുഴയിൽ കിടത്തി കുളിപ്പിക്കുന്നത് ഒഴിവാക്കണം.

വാടിയപട്ട കൊടുക്കരുത്, മൂത്ത പട്ടയും കൊടുക്കരുത്. ആവശ്യത്തിനു വിശ്രമവും, നല്ല ഭക്ഷണവും കിട്ടുന്ന ആനകൾക്കു എരണ്ടകെട്ട് വരാറില്ല.

എരണ്ടകെട്ട് ബാധിച്ച ആനകൾക്ക് അതു വിട്ടുമാറാൻ കൃത്യമായ കാലയളവില്ല. ചിലപ്പോൾ രണ്ടുദിവസംകൊണ്ടു മാറാം. ചിലപ്പോൾ ഒന്നരമാസം വരെ നീണ്ടുപോകാം. 49 ദിവസം ചികിത്സിച്ച് ഭേദമാക്കിയ ചരിത്രമുണ്ട്.

എരണ്ടകെട്ടുള്ള ആനയെ എഴുന്നള്ളിപ്പിക്കുകയോ പണിയെടുപ്പിക്കുകയോ ചെയ്താൽ കുടലിൽ വീക്കം സംഭവിക്കുന്നു. ആനയുടെ കുടലിനു ബലം കുറവാണ്. തൊട്ടിലിൽ കുട്ടി കിടക്കുന്നതുപോലെയാണ് എരണ്ട കുടലിൽ തൂങ്ങുന്നത്. നടക്കുമ്പോൾ കുടൽ ആടുകയും കുടലിൽ നീർക്കെട്ട് വരികയും ചെയ്യും. നീർക്കെട്ടു ബാധിച്ചാൽ ആനയുടെ ശരീരത്തിൽ നിന്നു ജലാംശം മുഴുവൻ പുറത്തേക്ക് പോകുന്നു. കുടിച്ച വെള്ളം പുറത്തേക്കു പോകുന്നുവെന്നു നാം തെറ്റിദ്ധരിച്ചേക്കാം. ജലാംശം പോകുന്നതോടുകൂടി കുടലിൽ വായു നിറയുകയും എരണ്ട കെട്ടുകയും ചെയ്യും. എരണ്ട എന്നു പറയുന്നതിൽ 90 ശതമാനവും നാരാണ്. അതിനെ ആവരണം ചെയ്തിരിക്കുന്ന 'കളി' എന്ന മിനുസമായ വഴുവഴുപ്പാണു എരണ്ടയെ പുറത്തേക്ക് തള്ളാൻ സഹായിക്കുന്നത്. നീർകെട്ടിയാൽ ജലാംശത്തോടൊപ്പം ഈ കളിയും പുറത്തേക്ക് പോകുന്നു. നാർ കുടലിൽ കെട്ടികിടക്കുകയും ചെയ്യുന്നു. ഈ സമയത്ത് ആനക്ക് മുക്കാനുള്ള വായു കിട്ടുകയില്ല. ഇതിന് ആയുർവേദത്തിൽ അപാനവായുവിന്റെ തടസ്സം എന്നു പറയും.

